**പതിമൂന്നാം കേരള നിയമസഭ**
**ആറാം സമ്മേളനം**

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1718 | 14/12/2012-ൽ മറുപടിയ്ക്ക് |
|---|---|

## ആർ. ഐ. ഡി. എഫ്. സ്കീം പ്രകാരം നിർമ്മിക്കുന്ന അംഗൻവാടികൾ

| | ചോദ്യം | ഉത്തരം |
|---|---|---|
| ശ്രീ. സി. കെ. സദാശിവൻ | | ഡോ.എം.കെ.മുനീർ (പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി) |
| (എ) | ആർ. ഐ. ഡി. എഫ്. സ്കീം പ്രകാരം അംഗൻവാടികൾ നിർമ്മിക്കുന്നതിനും പുതുക്കി പണിയുന്നതിനും ഉള്ള നടപടിക്രമങ്ങളുടെ നിലവിലെ അവസ്ഥ വിശദമാക്കുമോ; | (എ) കാസർകോഡ് ജില്ലയിലെ എൻഡോസൾഫാൻ ബാധിത പഞ്ചായത്തുകളിൽ ആർ.ഐ.ഡി.എഫ് പദ്ധതി പ്രകാരം 65 അംഗൻവാടികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുള്ളതും പ്രൊപ്പോസൽ നൽകിയതിന്റെ അടിസ്ഥാനത്തിൽ നബാർഡ് നടപടി എടുത്തുവരുന്നതുമാണ്. കൂടാതെ പ്രസ്തുതപദ്ധതി പ്രകാരം അംഗൻവാടികളുടെ കെട്ടിടനിർമ്മാണത്തിനായി 700 അംഗൻവാടികളുടെ പ്രൊപ്പോസൽ സംസ്ഥാനതല എംപവേർഡ് കമ്മിറ്റി (SLEC) യുടെ 17/10/2012-ലെ മീറ്റിങ്ങിൽ അംഗീകരിക്കുകയും ഇതിന്റെ അടിസ്ഥാനത്തിൽ വിശദമായ പ്രൊപ്പോസൽ സമർപ്പിക്കുന്നതിനായി സ്ഥലത്തിന്റെ ഉടമസ്ഥത തെളിയിക്കുന്ന സാക്ഷ്യപത്രം, പഞ്ചായത്ത് തീരുമാനം, കെട്ടിടത്തിന്റെ പ്ളാനും, എസ്റ്റിമേറ്റും (2012-ലെ പൊതുമരാമത്ത് വകുപ്പ് SOR പ്രകാരം) പണിയുടെ സമയക്രമം എന്നിവ ഉൾപ്പെടുത്തികൊണ്ടുള്ള പ്രോജക്ട് റിപ്പോർട്ട് ഒരോ അംഗൻവാടികളും പ്രത്യേകമായി അതാത് പഞ്ചായത്ത് മുഖാന്തിരം തയ്യാറാക്കി ശിശുവികസന പദ്ധതി ഓഫീസർമാർ മുഖാന്തിരം ശേഖരിച്ച് ലഭ്യമാക്കാൻ ജില്ലാതല പ്രോഗ്രാം ഓഫീസർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) | കായംകുളം മണ്ഡലത്തിൽ ഏതെല്ലാം അംഗൻവാടികളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ? | (ബി) പ്രോഗ്രാം ഓഫീസർമാർക്ക് നൽകിയ നിർദ്ദേശപ്രകാരമുള്ള പ്രൊപ്പോസൽ ലഭ്യമാകുന്ന മുറക്ക് മാത്രമെ തെരഞ്ഞെടുക്കപ്പെട്ട അംഗൻവാടികളെ കുറിച്ചുള്ള വ്യക്തമായ വിവരങ്ങൾ ലഭ്യമാകുകയുള്ളു. |

സെക്ഷൻ ഓഫീസർ